VIII. വ്യക്തിപരമായ വിശദീകരണം

ശ്രീ. കടവൂർ ശിവദാസൻ: അങ്ങ് ആക്ഷേപം പറഞ്ഞതിന് ഒരു മിനിട്ട് മറുപടി പറയട്ടെ, മനുഷ്യനായാൽ ധൈര്യം വേണം, യുദ്ധത്തിനിറങ്ങുന്നവർക്ക് മറുപടി കേൾക്കാൻ ധൈര്യം വേണം. ഭീരുക്കളെപ്പോലെ നിങ്ങൾ ഇരുന്നാലോ, ഇതെന്താ കണ്ണൂർ മോഡലാണോ? മസിൽപവർ കാണിക്കുന്നോ? മസിൽപവറും കണ്ണൂർ മോഡലും കാണിച്ച് ആളുകളെ ഇരുത്തേണ്ട. നിങ്ങൾ ആരോപണം ഉന്നയിച്ചു, ഒരു വാചകം മറുപടി കേൾക്കൂ.

..... (ബഹളം) .....

മി. സ്പീക്കർ: പ്ലീസ്, പ്ലീസ്, ...മന്ത്രിയായിരുന്ന ശ്രീ. കടവൂർ ശിവദാസനെ സംബന്ധിച്ച് നിങ്ങൾ ഒരു പരാമർശം ഇവിടെ നടത്തിയ സാഹചര്യത്തിൽ അദ്ദേഹത്തിന് പേഴ്സണൽ എക്സ്പ്ലനേഷന് സമയം കൊടുക്കേണ്ടത് ഒരു സാമാന്യ മര്യാദയാണ്.

..... (ബഹളം) .....

പ്ലീസ്, പ്ലീസ്,..... ഇതൊന്നും നല്ല കാര്യമല്ല.

ശ്രീ. കടവൂർ ശിവദാസൻ: ഒരു മിനിട്ട് ഞാൻ പറയുന്നു. അവർ കേട്ടാലും കൊള്ളാം കേട്ടില്ലെങ്കിലും കൊള്ളാം. ഊർജ്ജ വകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞത് മുഴുവൻ ശരിയാണ്. അതിന്റെ കൂടെ ഇവിടെ ഞങ്ങൾ ഒരു കരാർ എഴുതി അവിടെ അയച്ചതിനുശേഷം അന്നത്തെ പവർ സെക്രട്ടറിയായിരുന്ന മി. മാധവൻ ഇത് ഒന്ന് ഒപ്പിടണം, പണം തരണം എന്ന് എഴുതിയ കത്തിന് ഇനി പണം തരാൻ സാദ്ധ്യമല്ല എന്ന് അവർ മറുപടി തന്നു. അതിനുശേഷം പുതുക്കുന്നതിന് കൊടുക്കാൻ ഞങ്ങൾക്ക് തലയ്ക്ക് അസുഖമൊന്നുമില്ല. അതായത് അന്ന് ഭരിച്ചിരുന്നവർ ബുദ്ധിയുള്ളവരും തലയ്ക്ക് അസുഖം ഇല്ലാത്തവരും ആയതുകൊണ്ട് തരാൻ ഒക്കില്ല എന്നു പറഞ്ഞപ്പോൾ പിന്നെ പുതുക്കിയിട്ടെന്താണ് കാര്യം? എം.ഒ.യു. എന്നുപറഞ്ഞാൽ അത് കരാറല്ല. വിവാഹ നിശ്ചയവും വിവാഹവും പോലെയാണ്. നിശ്ചയം കഴിഞ്ഞാൽ പെണ്ണിനെ കിട്ടുമോ? വിവാഹം ഉണ്ടായില്ല. ഇത് കിട്ടാതിരിക്കാൻ ഒരേ ഒരാളാണ് ഉത്തരവാദി. മി. പിണറായി വിജയൻ. കാരണം അദ്ദേഹം (ബഹളം ..... ബഹളം)

മി. സ്പീക്കർ: പ്ലീസ്, പ്ലീസ്..... ഇരിക്കണം.

ശ്രീ. കടവൂർ ശിവദാസൻ: ബഹളം കൊണ്ട് ജയിക്കാനല്ല വാദിച്ചു ജയിക്കുകയാണ് വേണ്ടത്. എം.ഒ.യു. കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന് സി. & എ. ജി. കുറ്റപ്പെടുത്തിയിട്ടുണ്ട്. അതിന്റെ കൂട്ടത്തിൽ ഇക്കാര്യം പുതുക്കിയില്ല. എം.ഒ.യു. എന്നുപറഞ്ഞാൽ ഒരു കരാറിൽ അവസാനിപ്പിക്കേണ്ടുന്നതാണ്. ഈ എം.ഒ.യു. എന്തുകൊണ്ട് കരാറിൽ അവസാനിപ്പിച്ചില്ല, ഈ 90 കോടി രൂപ മേടിക്കണം എന്ന് ശ്രീ. പിണറായിക്ക് ഉദ്ദേശം ഉണ്ടായിരുന്നില്ല. അതുകൊണ്ട് ഒപ്പിട്ടില്ല. അവർ അന്ന് പറഞ്ഞു ഞങ്ങൾ ഇനി പണം തരില്ല എന്ന്, പിന്നെ ഞങ്ങൾ എന്ത് വേണം.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: യേസ്, പ്ലീസ്, പ്ലീസ്,

..... (ബഹളം) .....

ധനകാര്യം (തുടർച്ച)

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) : സർ, ഇവിടെ കഴിഞ്ഞ മൂന്ന് ദിവസങ്ങളായി നടക്കുന്ന ചർച്ചയ്ക്ക് വളരെ വിശദമായ മറുപടി പറയാൻ ഞാൻ തയ്യാറായിരുന്നു, പക്ഷെ ഇനി ഞാൻ അത്രയും വിശദമായി മറുപടി പറയാൻ ആഗ്രഹിക്കുന്നില്ല. വളരെ ചുരുക്കി മറുപടി പറയാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ഒന്നാമതായി ഈ സഭയിലെ ചർച്ചയിൽ പങ്കെടുത്ത ഇരുകൂട്ടരോടും നന്ദി പറയുകയാണ്. രണ്ടുകൂട്ടരും ഞാൻ അവതരിപ്പിച്ച ബഡ്ജറ്റിനെ വളരെ പ്രശംസിച്ച് അംഗീകരിച്ചിരിക്കുകയാണ്. ഭരണപക്ഷത്തുള്ള ആളുകൾ ഇത് ഏറ്റവും നല്ല ബഡ്ജറ്റാണെന്ന് പറഞ്ഞ് എന്നെ അംഗീകരിച്ചു, അഭിനന്ദിച്ചു. പക്ഷെ അവർ പറഞ്ഞതിനേക്കാൾ അത്ഭുതകരമായിട്ടാണ് പ്രതിപക്ഷത്തുള്ളവർ പറഞ്ഞത്. മാജിക്ക്പോലെ അത്ഭുതങ്ങൾ സൃഷ്ടിക്കുന്ന ഒന്നാണെന്നാണ് പ്രതിപക്ഷത്തുള്ളവർ പറഞ്ഞത്. അവർ പറഞ്ഞത് ഇത് ഒരു മാജിക് ആണ്, മുതുകാടിന്റെ മാജിക് ആണ്, ഇലക്ഷൻ ബഡ്ജറ്റാണ്. മാജിക് എന്നുപറഞ്ഞാൽ കൺകെട്ട് വിദ്യയാണ് എന്ന് പറഞ്ഞു. കൺകെട്ട് വിദ്യയും മാജിക്കും എന്നുപറഞ്ഞാൽ എന്താണ്? അത്ഭുതങ്ങൾ സൃഷ്ടിക്കുക. ഇവർ പറഞ്ഞതിന്റെ എത്രയോ ചെറിയ അംശമേ ഭരണപക്ഷത്തുള്ളവർ പറഞ്ഞുള്ളൂ. പ്രതിപക്ഷാംഗങ്ങൾ ഞാൻ ഇത്രയും വലിയ അത്ഭുതങ്ങൾ സൃഷ്ടിച്ചു എന്നുപറഞ്ഞാൽ അതിന്റെ അർത്ഥം ഇത് സാധാരണക്കാർക്കൊന്നും ഉണ്ടാക്കാൻ കഴിയുന്നതല്ല, ഇത് വളരെ അത്ഭുതമാണ് എന്നാണ്. മുതുകാടിനു പോലും കഴിയാത്ത ബഡ്ജറ്റ് അവതരിപ്പിച്ചു, അത്ഭുതം കാണിച്ചു എന്ന് അഭിനന്ദിച്ചതിനു ശേഷം അവർ ചില സംശയങ്ങൾ കൂടി ചോദിക്കുകയുണ്ടായി, ഇതൊക്കെ എങ്ങനെയാണ് ചെയ്യുന്നത്? അതിനു മുഴുവൻ വിശദമായ മറുപടി പറയാൻ ഞാൻ വന്നതാണ്, പക്ഷെ അതിന് മുഴുവൻ മറുപടി പറയാൻ ഇനി സമയമില്ല. അതുകൊണ്ട് കുറേ കാര്യങ്ങൾ പറയാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ആദ്യമായി, അവർക്കുള്ള സംശയം ഇതിനെല്ലാം തുക ബഡ്ജറ്റിൽ വച്ചിട്ടുണ്ടോ എന്നാണ്. ഇതിനെല്ലാം തുക ബഡ്ജറ്റിൽ വച്ചിട്ടുണ്ട്. വയ്ക്കാത്തതാണെങ്കിൽ അതിന് വലിയ പ്രശ്നങ്ങളും ഇല്ല. എങ്കിൽ തന്നെയും ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുള്ള പല പരിപാടികൾക്കും ഇതിൽ പണം വച്ചിട്ടുണ്ട്. ഉദാഹരണമായി കേരളാ സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക്, മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ പദ്ധതി അതിന് 50 കോടി രൂപ, കണ്ണൂരിലെ സ്പോർട്ട്സ് സ്കൂളിന് 20 ലക്ഷം രൂപ, ഇതിനൊക്കെ ബഡ്ജറ്റിൽ തന്നെ പ്രൊവിഷൻ വച്ചിട്ടുണ്ട്. ഇതല്ലാതെ ബഡ്ജറ്റിൽ തുക കൊള്ളിച്ചിട്ടില്ലാത്ത പലതിനും ബഡ്ജറ്റിൽ തന്നെ പ്രത്യേകം തുക എടുത്ത് പറഞ്ഞിട്ടുണ്ട്. ഉദാഹരണമായി അഗ്രിക്കൾച്ചറൽ റിസർജൻസ് ഫണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: കണ്ണൂരിൽ വിമാനത്താവളം ഉണ്ടാക്കുമെന്ന് പറഞ്ഞിട്ട് 50 ലക്ഷം രൂപയല്ലേ വച്ചിരിക്കുന്നത്; 50 ലക്ഷം രൂപയ്ക്കാണോ വിമാനത്താവളം ഉണ്ടാക്കാൻ പോകുന്നത്?

LIBRARY ARCHIVES Kerala Legislative Assembly